# STD - V

## അദ്ധ്യാപക സഹായി

## പാഠം – രണ്ട്   ഏകദൈവം  ഭാഗം – ഒന്ന്

### ലക്ഷ്യം

പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവം ഏകദൈവമാണ്.

ആകാശവും ഭൂമിയും സൃഷ്ടിച്ച കർത്താവാണ് ഏക ദൈവം.

ലോകം സൃഷ്ടിച്ച പിതാവായ ദൈവത്തിന്റെ പുത്രനെ കൂടുതൽ അറിയുവാനും സ്നേഹിക്കുവാനും പരിശ്രമിക്കും.

ഏക ദൈവത്തിൽ ഞാൻ വിശ്വസിക്കും.

### പഠനസഹായികൾ

* ഒന്നാമത്തെ കല്പന ചാർട്ട്
* വീഡിയോ – ഏലിയാ പ്രവാചകൻ, യഹോ ഏകദൈവമാണെന്ന് തെളിയിക്കുന്നു. (യൂട്യൂബ്)
* ബൈബിൾ : 1 രാജ 18:20–40, ലൂക്കാ 10:27

### പാഠത്തിന്റെ ഉള്ളടക്കം

* ഏലിയ – സത്യദൈവത്തിന്റെ പ്രവാചകൻ
* യാഹ്വേ – ഏക ദൈവം
* ഏകദൈവത്തെ ആരാധിക്കുന്ന ഇസ്രായേൽ ജനം
* ദൈവത്തെ സ്നേഹിക്കുക
* പൂർണ്ണ ഹൃദയത്തോടെ
* പൂർണ്ണ ആത്മാവോടെ
* പൂർണ്ണ ശക്തിയോടെ
* പൂർണ്ണ മനസ്സോടെ
* ഏകദൈവം: പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ്

### പ്രാർത്ഥന

ഏക സത്യദൈവമായ അവിടുത്തേയും, അങ്ങ് ഞങ്ങളുടെ രക്ഷയ്ക്കായി അയച്ച പുത്രനേയും, പരിശുദ്ധാത്മാവിനെയും അറിയുവാനും, സ്നേഹിക്കുവാനും, ആരാധിക്കുവാനും ഞങ്ങൾ കൃപ നൽകണമേ!  ആമേൻ.

## ചോദ്യങ്ങൾ

1. ഏതാണ് ഏറ്റവും പ്രധാനപ്പെട്ട കല്പന?

2. ഏലിയായുടെ ദൈവമാണ് യഥാർത്ഥ ദൈവമെന്ന് ജനം അംഗീകരിച്ചതെങ്ങനെ?

3. ഏകദൈവത്തിൽ എത്ര ആളുകൾ ഉണ്ട്?

4. ഇസ്രായേൽ ജനം വിശ്വസിച്ചിരുന്നതും ആരാധിച്ചിരുന്നതും ആരെയാണ്?

5. നമ്മുടെ ദൈവത്തെ എപ്രകാരം സ്നേഹിക്കണമെന്നും, ആരാധിക്കണമെന്നുമാണ് യേശു പഠിപ്പിക്കുന്നത്?

# STD - V

## അദ്ധ്യാപക സഹായി

## പാഠം - രണ്ട്   ഏകദൈവം  ഭാഗം - രണ്ട്

### ലക്ഷ്യം

ദൈവത്തിൽ വിശ്വസിക്കുക. എല്ലാറ്റിനും ഉപരി അവിടുത്തെ സ്നേഹിക്കുക. ഏകദൈവത്തിന് നമ്മുടെ ജീവിതത്തിൽ പ്രഥമസ്ഥാനം കൊടുക്കുക, അവിടുത്തെ മാത്രം ആരാധിക്കുക.

### പഠന സഹായികൾ

* ചാർട്ട് - ഒന്നാമത്തെ കല്പന ആവശ്യപ്പെടുന്നത് (പേജ് - 17)
* വചനം: റോമാ 12:1, ലൂക്കാ  10:27, മാർക്കോ 12:30, മത്താ. 5:48, പുറ. 20:3-4
* ആക്ഷൻ സോംഗ് - ആദ്യത്തെ കല്പന (യൂട്യൂബ്)

### ഉള്ളടക്കം

* ഒന്നാമത്തെ കല്പന - വിശ്വാസം, പ്രത്യാശ, സ്നേഹം
* പ്രഥമസ്ഥാനം - ദൈവത്തിന്
* ആദരം - ദൈവത്തിന് പ്രതിഷ്ഠിക്കപ്പെട്ടവയ്ക്ക്
* ആരാധന - ദൈവത്തിന്; വണക്കം - വിശുദ്ധർക്ക്
* മറിയം - ദൈവത്തിന്റെ അമ്മ
* വിശുദ്ധർ - മാതൃക, പ്രചോദനം

### പ്രാർത്ഥന

സ്നേഹപിതാവായ ദൈവമേ എല്ലായ്പ്പോഴും ഏകദൈവത്തിൽ മാത്രം ആശ്രയിച്ച് ജീവിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ! ആമേൻ.

### ചോദ്യങ്ങൾ

1. ഒന്നാം പ്രമാണം നമ്മോട് ആവശ്യപ്പെടുന്നതെന്ത്?
2. ആരാധന ആർക്കു മാത്രമുള്ളതാണ്?
3. മറ്റു വിശുദ്ധരേക്കാൾ ഉപരി പരിശുദ്ധ കന്യകാമറിയത്തെ വണങ്ങാൻ കാരണമെന്ത്?
4. ആരാധനയും വണക്കവും തമ്മിലുള്ള വ്യത്യാസമെന്ത്?
5. തിരുസഭ എന്തിനാണ് നമുക്ക് വിശുദ്ധരെ നൽകിയിരിക്കുന്നത്?